**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 889</u>** **<u>18-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കോങ്ങാട് മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ശാന്തകുമാരി കെ.</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2020 മുതൽ കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ ഉന്നതികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ അച്ചിലട്ടി ഉന്നതിയെ 2020-21 വർഷവും, പാങ്ങോട് ഉന്നതിയെ 2022-23 വർഷവും, മുണ്ടക്കുന്ന് ഉന്നതിയെ 2024-25 വർഷവും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഉന്നതികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;</td><td>(ബി)</td><td>
<table>
<tr><th>ഉന്നതി</th><th>പുരോഗതി</th></tr>
<tr><td>അച്ചിലട്ടി</td><td>ജില്ലാ നിർമ്മിതി കേന്ദ്ര മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു. 50 % പ്രവർത്തി പൂർത്തീകരിച്ചു.</td></tr>
<tr><td>പാങ്ങോട്</td><td>കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തെങ്കിലും ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ KEL എന്ന സ്ഥാപനത്തിനെ നിർവ്വഹണ ഏജൻസിയാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>മുണ്ടക്കുന്ന്</td><td>നിർവ്വഹണ ഏജൻസിയായി KEL-നെ തെരഞ്ഞെടുത്തിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
</table>
</td></tr>
<tr><td>(സി)</td><td>നിലവിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?</td><td>(സി)</td><td>നിലവിൽ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. അച്ചിലട്ടി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി ഹാൾ, റോഡ് എന്നീ പ്രവർത്തികൾക്കായി ഭൂമി ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായിരുന്നു. നിലവിൽ ആയത് പരിഹരിച്ച് പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ